# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3145 — 10.05.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണ രംഗത്തെ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ മറിച്ചുവില്പനയും കരിഞ്ചന്തയും തടയുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന വെഹിക്കിൾ ട്രാക്കിങ്ങ് സിസ്റ്റത്തിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ; | (എ) എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുത്ത് റേഷൻ കടകളിലെത്തിക്കുന്നതു വരെയുള്ള വാഹനങ്ങളുടെ നീക്കം അവയിൽ ഘടിപ്പിച്ചിരിക്കുന്ന ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്കായി **EoI (Expression of Interest)** ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ **RFP (Request for Proposal)** ഡോക്യുമെന്റ് തയ്യാറാക്കി വരികയുമാണ്. |
| (ബി) ഇ-റേഷനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതോടു കൂടി കാർഡുടമകളെ ഇലക്ട്രോണിക് മാർഗ്ഗേന തിരിച്ചറിഞ്ഞ് അർഹരായവർക്ക് മാത്രം റേഷൻ വിഹിതം ലഭ്യമാക്കുന്നതിനും വിതരണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം എസ്.എം.എസ്. സന്ദേശം മുഖാന്തിരം കാർഡുടമകളെ അറിയിക്കുന്നതിനും സാധിക്കും. |

| | | | |
|---|---|---|---|
| (സി) | റേഷൻ വ്യാപാരികൾക്ക് സാധനങ്ങൾ എത്തിക്കുന്ന വിവരം മുൻകൂട്ടി എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെയും വ്യാപാരികളെയും അറിയിക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ; | (സി) | സ്റ്റോക്ക് വരുന്ന മുറയ്ക്ക് എസ്.എം.എസ്. സന്ദേശം അയയ്ക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | റേഷൻ മൊത്ത വിതരണം സർക്കാർ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ 24(2)(എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച്, റേഷൻകടകളിൽ നേരിട്ടെത്തിക്കുന്ന വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് മാസം കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

*സെക്ഷൻ ഓഫീസർ*